2.	13655/96	കെ.എസ്. ജോൺ	ഡിവൈ.എസ്.പി
3.	14401/96	ആന്റണി റൈനോൾഡ്	പോർട്ട് രജിസ്ട്രേഷൻ ഓഫീസർ, കൊച്ചി
4.	12208/99	വി.സി. സോമൻ	ഡിവൈ.എസ്.പി.
5.	12208/99	സി. നാരായണപിള്ള	റിട്ട. ഡിവൈ.എസ്.പി
6.	832/98	എൻ.ജെ. ജോൺസൺ	ആർ.എസ്.ഐ.
7.	12025/98	ഇ.എഫ്. ബെഡ്ഡി	എ.പി.എസ്.ഐ

40 (665) പോലീസ് വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ നിവേദനം

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ നിലവിലുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ ഒഴിവ് നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് നിയമത്തിനുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് ഗവൺമെന്റിലുള്ള കാലതാമസം ഒഴിവാക്കി ഡി.പി.സി. കൂടി ഉദ്യോഗക്കയറ്റം ഒരുമാസത്തിനകം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സ്പെഷ്യൽ റൂൾസും ഡി.പി.സി. ലിസ്റ്റും നിലവിലില്ലാത്ത തസ്തികകളിൽ റിട്ടയർമെന്റ് കാലാവധി മാനദണ്ഡമാക്കാതെ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഗവൺമെന്റിന്റെ അലംഭാവം കൊണ്ട് ഉദ്യോഗക്കയറ്റത്തിന് കാലതാമസമുണ്ടാകുന്നവർക്ക് യഥാർത്ഥത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട തീയതി മുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സീനിയർ എ.എ. മാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാലാണ് ഒഴിവ് നികത്തുവാനുള്ള കാലതാമസം നേരിടുന്നത്.

(ബി) സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

(സി)&(ഡി) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത തസ്തികകളിൽ അവ രൂപീകരിച്ച് എത്രയുംവേഗം ഡി.പി.സി. കൂടി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

41 (666) ഹെഡ് കോൺസ്റ്റബിൾ ടെസ്റ്റ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly